കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൂതക്കുളം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018 -19

കേരള സംസ്ഥാന ഓഡിറ്റ് കൊല്ലം ജില്ലാ

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൽ.എം-പി5/1859/2019

കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം

കൊല്ലം ജില്ല

ഇ-മെയിൽ - doklm.ksad@kerala.gov.in

ഫോൺ -0474 2740141

തീയതി.06/02/2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂതക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂതക്കുളം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം-പി5/1859/2019. /2014, തിയതി:06/02/2020

## കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 03.07.2018 മുതൽ 20.11.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. കെ സൈമൺ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 21.11.2019 മുതൽ 30.11.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ. മണിലാൽ വി | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീ. മനു കെ നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | | ശ്രീ. ചന്ദ്രപ്രകാശ് സി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി. അനു കെ ആനന്ദ് | ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | അഡ്വ.എം.കെ.ശ്രീകുമാർ. | 01/04/18 മുതൽ 31/03/19 വരെ |
| സെക്രട്ടറി | ശ്രീമതി. വി.ജി.ഷീജ. | 01/04/18 മുതൽ 31/03/19 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| മെഡിക്കൽ ഓഫീസർ. (പി.എച്ച്.സി) | ഡോ. ഉൽസാഹ് .എച്ച് | 01/04/18. മുതൽ 28/06/18 വരെ |
| | ഡോ. സാബു.പി.എൽ | 29/06/18 മുതൽ 31/03/19 വരെ |
| മെഡിക്കൽ ഓഫീസർ ( ആയുർവേദം) | ശ്രീമതി.ഡോ.ആരതി.എസ്.എസ് | 01/04/18 മുതൽ 31/03/19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ശ്രീമതി.ഡോ. മായ | 01/04/18 മുതൽ 31/03/19 വരെ |
| അസിസ്റ്റൻറ് സെക്രട്ടറി | ശ്രീമതി.ഗായത്രി.എസ്.വി | 01/04/18 മുതൽ 05/06/18 വരെ |
| | ഒഴിവ് | 06.06.18 മുതൽ 21.06.18 വരെ |
| | ശ്രീമതി.രാധമ്മ.എച്ച് | 22/06/18 മുതൽ .21/10/18. വരെ |
| | ശ്രീമതി.ഷൈനി വിശ്വംഭരൻ | 22/10/18 മുതൽ 31/03/19 വരെ |
| അസിസ്റ്റൻറ് എഞ്ചിനീയർ | ചന്ദ്രബാബു.എസ് | 01/04/18 മുതൽ 31/03/19 വരെ |
| വെറ്ററിനറി സർജൻ | ഡോ.അലോഷ്യസ് | 01/04/18 മുതൽ 31/03/19 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശ്രീലത.എസ് | 01/04/18 മുതൽ 21/09/18 വരെ |
| | ശ്രീമതി.നിതു.കെ.ജേക്കബ് | 22/09/18 മുതൽ 04/02/19 വരെ |
| | ഒഴിവ് | 05.02.19 മുതൽ 19.02.19 വരെ |
| | ശ്രീമതി.സിന്ധു | 20/02/19 മുതൽ 31/03/19 വരെ |
| വി.ഇ.ഒ | പ്രദീപ്കുമാർ | 01/04/18 മുതൽ 09/05/18 വരെ |
| | ശ്രീമതി.സന്ധ്യ.സി.എസ് | 10/05/18 മുതൽ 31/03/19 വരെ |
| | ശ്രീമതി.നിഷ.വി | 01/04/18 മുതൽ 18/12/18 വരെ |
| | വേക്കന്റ് | 19/12/18 മുതൽ 31/03/19 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ഷീല | 01/04/18 മുതൽ 31/03/19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഇന്ദു ജോർജ് | 01/04/18 മുതൽ 02/11/18 വരെ |
| | ശ്രീമതി. ശ്രീവൽസ പി ശ്രീനിവാസൻ. | 03/11/18 മുതൽ 31/03/19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ. | ബീന.എസ് | 01/04/18 മുതൽ 31/03/19 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | പഞ്ചായത്തിലെ അംഗനവാടികൾക്കു വിതരണം ചെയ്യുന്ന അമൃതം പൊടിയുടെ ഗുണമേന്മ സംബന്ധിച്ച പരിശോധനകൾ നടത്തുന്നില്ല-ഗ്രേഡിംഗ് രേഖകൾ ഇല്ല. | 1-12 |
| 13 | സപ്ലൈകോയിൽ നിന്ന് ലഭിച്ച പലവ്യഞ്ജനം സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തിട്ടില്ല.-25580/-രൂപ തടസത്തിൽ വെയ്ക്കുന്നു | 1-13 |
| 14 | ഐകെഎം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-14 |
| 15 | കൃഷി ഓഫീസിനും,ഹോമിയോഡിസ്പൻസറിയ്ക്കു് വാങ്ങിയ വസ്തുക്കൾ പോക്ക് വരവ് ചെയ്തു് ലഭിച്ചിട്ടില്ല. | 1-15 |
| 16 | ഔദ്യോഗിക വാഹനത്തിന്റെ അധിക ഫിറ്റിംഗ് - നിയമപ്രകാരമല്ലാത്ത അധിക ഫിറ്റിംഗിന് ചെലവഴിച്ച തുക നിരാകരിക്കുന്നു. | 1-16 |
| 17 | സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം- സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടപടികൾ നടത്തിയിരിക്കുന്നു. തുക നിരാകരിക്കുന്നു. | 1-17 |
| 18 | റെസ്റ്റൊറേഷൻ ചാർജ്ജ് കുറവായി ഈടാക്കി | 1-18 |
| 19 | കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള കണക്ഷനുമായി ബന്ധപെട്ടു അപാകതകൾ | 1-19 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | റെസ്റ്റൊറേഷൻ ചാർജ്ജ് കുറവായി ഈടാക്കി നഷ്ടം 6,02,973.53/- രൂപ | 2-1 |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 21 | സപ്ലൈകോയിൽ നിന്നും ലഭിച്ചിട്ടില്ലാത്ത 316കിലോഗ്രാം കടലയ്ക്ക് നൽകിയ 25580/-രൂപ | 3-1 |

| | | |
|---|---|---|
| | നിരാകരിക്കുന്നു | |
| 22 | ഔദ്യോഗിക വാഹനത്തിന്റെ അധിക ഫിറ്റിംഗ് - നിയമപ്രകാരമല്ലാത്ത അധിക ഫിറ്റിംഗിന് ചെലവഴിച്ച തുക നിരാകരിക്കുന്നു. | 3-2 |
| 23 | സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം- സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടപടികൾ നടത്തിയിരിക്കുന്നു. തുക നിരാകരിക്കുന്നു. | 3-3 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 24 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 25 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 26 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 28 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 29 | സ്ഥിര നിക്ഷേപം | 4-6 |
| 30 | ഓഡിറ്റ് റിക്കവറി | 4-7 |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 32 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 35 | അനുബന്ധം - ഓഡിറ്റ് സാക്ഷ്യപത്രം | 1 |
| 36 | അനുബന്ധം | 2 |

<u>ഭാഗം -1</u>

## <u>ഓഡിറ്റ് റിപ്പോർട്ട്.</u>

## 1-1 ബജറ്റ്

27/03/2018 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 19/01/19 തീയതിയിലെ 10(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 24-04-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,26,06,096 |
| വരവ് | 9.99,18,529 |
| ആകെ | 12,25,24,625 |
| ചെലവ് | 9,37,06,164 |
| നീക്കിയിരിപ്പ് | 2,88,18,461 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 18786016 | 18786016 | 18518647 | 267369 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10758000 | 10758000 | 10758000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 153000 | 153000 | 0 | 153000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 9478000 | 9478000 | 9478000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4102000 | 4102000 | 3610548 | 491452 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 10797393 | 10797393 | 8736000 | 2061393 |
| ദുരിതാശ്വാസനിധി | | 29924 | 12698 | 42622 | 12000 | 30622 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 25527676 | 25527676 | 25527676 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2275 | 619550 | 621825 | 617116 | 4709 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ശുചിത്വ മിഷൻ | | 0 | 867000 | 867000 | 180000 | 687000 |
| ഐ.സി.ഡി.എസ് | | 1563083 | 1558806 | 2621889 | 414760 | 2207129 |
| Solid Waste | | 0 | 750790 | 750790 | 0 | 750790 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3637331 | 3637331 | 3637331 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 4674686 | 4674686 | 2956920 | 1937766 |
| | റിമാർക്സ് – സാംഖ്യയിൽ 220000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി റസീപ്റ്റ് ചെയ്തിരിക്കുന്നു. ആയത് ജില്ലാ പഞ്ചായത്ത് വിഹിതമാണ്. | | | | | |
| ബി ഫണ്ട് – തൊഴിൽരഹിത വേതനം | | 0 | 434400 | 434400 | 434400 | 0 |
| വിവാഹ ധനസഹായം | | 0 | 150000 | 150000 | 150000 | 0 |
| വാർദ്ധക്യകാല പെൻഷൻ | | 0 | 20278600 | 20278600 | 20278600 | 0 |
| കർഷകതൊഴിലാളി പെൻഷൻ | | 0 | 3298300 | 3298300 | 3298300 | 0 |
| വിധവ പെൻഷൻ | | 0 | 21183800 | 21183800 | 21183800 | 0 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | | 0 | 344300 | 344300 | 344300 | 0 |
| വികലാംഗ പെൻഷൻ | | 0 | 5419700 | 5419700 | 5419700 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6086595 | 9177521 | 15264116 | 7844752 | 7419364 |
| | ട്രഷറി അക്കൗണ്ട് | 14266685 | 11729034 | 25995719 | 18929497 | 7066222 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 143013223 | 128 | 73860337 | 29 | 7 | 78.05 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)സ്വയം തൊഴിൽ വ്യക്തിഗത സംരംഭങ്ങൾക്ക് സബ്സിഡി നൽകൽ( പദ്ധതി നം.35/18-19)

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2275 | 619550 | 621825 | 617116 | 4709 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 25527676 | 25527676 | 25527676 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 434400 | 460 |
| കർഷകതൊഴിലാളി പെൻഷൻ | 3298300 | 275 |
| വിധവാപെൻഷൻ | 21183800 | 1910 |
| വാർദ്ധക്യകാലപെൻഷൻ | 20278600 | 2230 |
| വികലാംഗപെൻഷൻ | 5419700 | 474 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 150000 | 5 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത | 344300 | 30 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/11/19, 12.45 pm-ന് സ്ഥാപന തലവന്റെ/

ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 26,759/- രൂപക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.
ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.
അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എന്‌ട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.
തനതുവരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ.(സർക്കുലർ നം.58725/എഫ്.എം.3/18/ത.സ്വ.ഭ.വ./26.5.2011). എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രഷറി അക്കൗണ്ടിന് പുറമേ ഇ-പേയ്മെന്റിന് ഉൾപ്പടെ മൂന്ന് ബാങ്ക് അക്കൗണ്ടുകൾ തനതുഫണ്ടിന് വേണ്ടി നിലനിർത്തിയിരിക്കുന്നു.
സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.
സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.
സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-09-19 | 2019 ജൂലൈ, ആഗസ്റ്റ് | 22/10/19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-04-17 | 2012-13 മുതൽ 2016-17 വരെ | 31/05/17 |

## 1-11 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് ജോയന്റ് വെഞ്ച്വർ അക്കൗണ്ട് RP 40 (b) & B-17 എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ള തുക – 1937766/- രൂപയാണ് . എന്നാൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിലുൾപ്പട്ടിരിക്കുന്ന തുക 1967766/- രൂപയാണ്. 30000/- രൂപ ട്രഷറി അക്കൗണ്ടിൽ കുറവ് കാണുന്നു.

ബ്ലോക്ക് - ജില്ലാ പഞ്ചായത്ത് വിഹിതം, പദ്ധതി പ്രകാരം ചെലവഴിച്ച തുകയും (സുലേഖ സേറ്റ്റ്റ്മെന്റ് - പ്രകാരം) വാർഷിക കണക്കിലെ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വാർഷിക കണക്ക് പ്രകാരം ചെലവ് | സുലേഖ സേറ്റ്റ്റ്മെന്റ് - പ്രകാരം ചെലവ് | വ്യത്യാസം |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 3097931 | 3417331 | (-) 319400/- |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3246320 | 2956920 | 289400 |

2. MNREGS – I-6, I-14 എന്നിവയിൽ ഉൾപ്പെട്ടിരിക്കുന്ന തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

3. തൊഴിൽ നികുതി - ട്രേഡേഴ്സ് ഡിമാന്റ് കളക്ഷൻ തുകകൾ വാർഷിക കണക്കിലെ ഡിമാന്റ് കളക്ഷൻ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. ബാലൻസ് ഷീറ്റ് B-9 other liabilities ൽ ഉൾപ്പെട്ടിട്ടുള്ള Income Deducted at source-8008, Recoveries payable – 15640, other liabilities – 117279/- എന്നിവയുടെ വിശദാംശങ്ങൾ ബോധ്യപ്പെട്ടിട്ടില്ല.

5. ആസ്തികളുടെ Depreciation വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടില്ല.

6. ബാലൻസ് ഷീറ്റ് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ (B 3) യും Fixed Assets – B-11 തമ്മിൽ പൊരുത്തപ്പെടുന്നില്ല. ക്യാപിറ്റൽ കോൺട്രിബ്യൂഷനേക്കാൾ അധികരിച്ച് തുക Fixed Asset ൽ ഉൾപ്പെട്ടിരിക്കുന്നു.

7. EMD – Contractor's EMD and Bidder's EMD നീക്കിയിരിപ്പ് തുക യഥാർത്ഥ കണക്കുമായി പൊരുത്തപ്പെടുന്നില്ല. Auction Depositനീക്കിയിരിപ്പ് 2500/- രൂപ ബാലൻസ് ഷീറ്റിലുൾപ്പെട്ടിട്ടില്ല .

## 1-12 പഞ്ചായത്തിലെ അംഗനവാടികൾക്കു വിതരണം ചെയ്യുന്ന അമൃതം പൊടിയുടെ ഗുണമേന്മ സംബന്ധിച്ച പരിശോധനകൾ നടത്തുന്നില്ല-ഗ്രേഡിംഗ് രേഖകൾ ഇല്ല.

പഞ്ചായത്തിലെ അംഗനവാടികൾക്കു വിതരണം ചെയ്യുന്ന കൽപ്പദാരു, മൈലക്കാട് എന്ന സ്ഥാപനത്തിന്റെ അമൃതം പൊടിയുടെ ഗുണമേന്മ സംബന്ധിച്ച് സർക്കാർ അനാലിറ്റിക്കൽ ലാബിൽ പരിശോധിച്ച രേഖകളും, കുടംബശ്രീ, സാമൂഹികക്ഷേമ വകുപ്പ്, ഫുഡ് & സേഫ്റ്റി എന്നിവർ ചേർന്ന് നൽകുന്ന ഗ്രേഡിങ്ങ് രേഖകളും ഹാജരാകുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും, (7/29.11.19 ) നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖകൾ ഹാജരാക്കിയില്ല.

ഇതു സംബന്ധിച്ച് അമൃതം പൊടി വിതരണ സ്ഥാപനമായ കൽപ്പദാരു എന്ന സ്ഥാപനത്തിലെ സെക്രട്ടറിയോടു വിവരം ആരാഞ്ഞതിൽ ഗ്രേഡിങ്ങ് സംബന്ധിച്ച രേഖൾ ലഭിച്ചിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്.

അമൃതം പൊടിയുടെ ഓരോ ബാച്ചും സർക്കാർ അനാലിറ്റിക്കൽ ലാബിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പാക്കുന്നുള്ള നടപടികൾ സി ഡി പി ഒ / ഐ സി ഡി എസ് സൂപ്പർവൈസർ ചെയ്തു വരുന്നില്ല. ഗുണമേന്മ സംബന്ധിച്ച പരിശോധനകൾ, ഗ്രേഡിങ്ങ് എന്നിവ നടത്തേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-13 സപ്ലൈകോയിൽ നിന്ന് ലഭിച്ച പലവ്യഞ്ജനം സ്റ്റോക്കിൽ ചേർത്ത് വിതരണം ചെയ്തിട്ടില്ല.-25580/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നം : 37/19

<u>അടങ്കൽ തുക :</u>

വികസന ഫണ്ട് : 2000000/-

കേന്ദ്രാവിഷ്കൃത ഫണ്ട് : 700000/-

തനത് ഫണ്ട് : 102000/-

ബ്ലോക്ക് ഫണ്ട് : 200000/-/-

ജില്ലാ പഞ്ചായത്ത് ഫണ്ട് : 600000/-

<u>ചെലവ് :</u>

<u>വികസന ഫണ്ട് : 2000000/-</u>

ബിൽനം : 1/31.07.18 : 948014/-

ബിൽനം : 2/27.10.18 : 518340/-

ബിൽനം : 4/29.10.18 : 172410/-

ബിൽനം : 5/02.12.18 : 146211/-

ബിൽനം : 6/05.06.19 : 179632/-

ബിൽനം : 8/19.03.19 : 35393/-

<u>കേന്ദ്രാവിഷ്കൃത ഫണ്ട് :</u> 414760/-

ചെക്ക് നം; 2741721/18.03.19 : 401922/-

ചെക്ക് നം; 27612581/19.03.19 : 12838/-

<u>തനത് ഫണ്ട് : 91975/-</u>

ചെക്ക് നം; 2761257/19.03.19 : 91975/-

<u>ബ്ലോക്ക് ഫണ്ട് : 200000/-</u>

ചെക്ക് നം; 6053045/11.01.19 : 200000/-

<u>ജില്ലാ പഞ്ചായത്ത് ഫണ്ട് : 200000/-</u>

ചെക്ക് നം; 6053046/11.01.19 : 156441/-

ചെക്ക് നം; 6053052/18.03.19 : 43559/

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പൂരകപോഷകാഹാര പ്രോജെക്റ്റിൽ അംഗനവാടികൾക്ക് വിതരണം ചെയ്യാനായി വാങ്ങിയ കടല ലഭിച്ചതായി സ്റ്റോക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

സപ്ലൈകോയുടെ ബിൽ നം.0201202/181660 തീയതി: 25.02.19 പ്രകാരം 156 കിലോഗ്രാം കടല വാങ്ങിയതിന് ബിൽനം.8/19.03.19 പ്രകാരം 12940/-രൂപയും (82.95രൂപ/കിലോ.ഗ്രാം), സപ്ലൈകോയുടെ ബിൽ നം.0201202/18145 തീയതി: 01.01.19 പ്രകാരം 160 കിലോഗ്രാം കടല വാങ്ങിയതിന് ചെക്ക്നം; 6053046/11.01.19 പ്രകാരം 12640/-പ്രകാരവും (79രൂപ/കിലോ.ഗ്രാം) സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും മേൽ പറഞ്ഞ ബില്ലുകളിലെ കടല ലഭിച്ചതായി സ്റ്റോക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

കടല കിട്ടാത്തതുമായി ബന്ധപെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സപ്ലൈകോയിൽ നിന്നും

ലഭിച്ചിട്ടില്ലാത്ത 316കിലോഗ്രാം കടലയ്ക്ക് നൽകിയ 25580/-രൂപ നിരാകരിക്കുന്നു. കടല ലഭ്യമാകാത്തത് സംബന്ധിച്ച് നിർവ്വണ ഉദ്യഗസ്ഥയുടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിനം : 7/29.11.19

നിരാകരിച്ച തുക : 25580/-രൂപ

## 1-14 ഐകെഎം വിഹിതം നൽകൽ-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം : 2/19

ബിൽ നം : 10/28.0718 : 96175/- (വി.ഫണ്ട്-ജനറൽ)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഐകെഎം വിഹിതം നൽകൽ പ്രോജക്റ്റിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 96175/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-15 കൃഷി ഓഫീസിനും,ഹോമിയോഡിസ്പൻസറിയ്ക്ക് വാങ്ങിയ വസ്തുക്കൾ പോക്ക് വരവ് ചെയ്ത് ലഭിച്ചിട്ടില്ല.

പ്രോജക്ട് നം : 150/19

<u>അടങ്കൽ തുക :</u>

തനത്ഫണ്ട് : 1300000/-

ചെലവ് : 1027084/-

933690/- ചെക്ക്നം : 2761587/15.12.18

93394/- ചെക്ക്നം : 41985/13.12.18

പ്രോജക്ട് നം : 151/19

<u>അടങ്കൽ തുക :</u>

തനത് ഫണ്ട് : 2700000/-

<u>ചെലവ് : 1027084/-</u>

933690/- ചെക്ക്നം : 2056891/15.12.18

93394/- ചെക്ക്നം : 205718/13.12.18

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊജക്റ്റ് (നം: 150/19) പ്രകാരം ഹോമിയോഡിസ്പൻസറിയ്ക്ക് വേണ്ടിയും, പ്രൊജക്റ്റ് (നം: 15119) പ്രകാരം കൃഷി ഓഫീസിനു വേണ്ടിയും വാങ്ങിയ വസ്തുക്കൾ സെക്രട്ടറിയുടെ പേരിൽ പോക്ക് വരവ് ചെയ്തു ലഭിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പോക്ക് വരവ് ചെയ്യുന്നതിന് വില്ലേജ് ഓഫീസിൽ അപേക്ഷ നൽകിയിട്ടുണ്ടെന്നും ലഭിക്കുന്ന മുറയ്ക്ക് രസീത് ഹാജരാക്കാമെന്നാണ് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പോക്കുവരവ് ചെയ്തു കരമടച്ച രസീത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ ആസ്തികൾ കാലികമാക്കുന്ന സചിത്രി സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

## 1-16 ഔദ്യോഗിക വാഹനത്തിന്റെ അധിക ഫിറ്റിംഗ് - നിയമപ്രകാരമല്ലാത്ത അധിക ഫിറ്റിംഗിന് ചെലവഴിച്ച തുക നിരാകരിക്കുന്നു.

പൂതക്കുളം ഗ്രാമ പഞ്ചായത്തിൽ പുതിയതായി വാങ്ങിയ ഔദ്യാഗിക വാഹനത്തിൽ നിയമം അനുശാസിക്കാത്ത അധിക ഫിറ്റിംഗ് നടത്തിയിരിക്കുന്നു.

ഔദ്യോഗിക വാഹനമായ കെ.എൽ.02 ബി.ഇ. 1289മഹീന്ദ്ര സൈലോയുടെ സംരക്ഷണത്തിനായി അധിക ഫിറ്റിംഗ് നടത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത ശ്യാംസ് കാർ എന്റർപ്രൈസസിനാണ് ക്വട്ടേഷൻ അനുവദിച്ചത്. വൗച്ചർ നമ്പർ 51800066/24.04.2018 ചെക്ക് നമ്പർ 38470/24.04.2018. ഇൻവോയ്സ് നമ്പർ ബി/83/19.04.2018 തുക 27,450/- വാങ്ങൽ രേഖകൾ പരിശോധിച്ചതിൽ ക്രാഷ് ഗാർഡിനായി 8600 രൂപയും റിയർ ഗാർഡിന് 4600 രൂപയും ചെലവഴിച്ചതായി കാണുന്നു. ഈ ഫിറ്റിംഗുകൾ 1988ലെ കേരള മോട്ടാർ വാഹന നിയമം 190, 191 വകുപ്പുകൾ പ്രകാരം കുറ്റകരമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അഡീഷണൽ ഫിറ്റിംഗ് അവശ്യമാണെന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദീർഘകാല സംരക്ഷണത്തിനായാണ് ഫിറ്റിംഗ്സ് നടത്തിയതെന്നും നിയമ പ്രകാരം കുറ്റകരമാണെന്ന വസ്തുത അറിയില്ലായിരുന്നുവെന്നും ഈ ഫിറ്റിംഗുകൾ വാഹനത്തിൽ നിന്നും മാറ്റുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഈ ഫിറ്റിംഗുകൾ വാഹനത്തിൽ നിന്നും നീക്കം ചെയ്യേണ്ടതും നിയമം അനുവദിക്കാത്ത ഉപകരണങ്ങൾ വാങ്ങി ഫിറ്റിംഗ് നടത്തിയ ഇനത്തിൽ ചെലവാക്കിയ തുക തിരികെ ഒടുക്കേണ്ടതുമാണ്. 13,200/- രൂപ നിരാകരിക്കുന്നു.
ഓഡിറ്റ് എൻക്വയറി നം. 1/22-11-2019

## 1-17 സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം- സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടപടികൾ നടത്തിയിരിക്കുന്നു. തുക നിരാകരിക്കുന്നു.

സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം- സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടപടികൾ നടത്തിയിരിക്കുന്നു. തുക നിരാകരിക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | എസ്.026/2019 |
| പദ്ധതി പേര് | സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം |
| ഫണ്ട് | മെയ്ന്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നമ്പർ , തീയതി | 01/01.10.2018 |
| തുക | 3,99,680/- |

സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം എന്ന പദ്ധതിയുടെ നടത്തിപ്പിനാണ് സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങൽ നടത്തിയിരിക്കുന്നത്.

പൂതക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ എല്ലാ സ്കൂളുകളും ഹൈടെക് ആക്കുന്നതിനും ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രാദേശിക പരിശോധനയിൽ എല്ലാ സർക്കാർ സ്കൂളുകളിലെയും ക്ലാസ് റൂമുകൾ കമ്പ്യൂട്ടർ പ്രൊജക്ടർ സൗകര്യമുള്ള സ്മാർട്ട് ക്ലാസ് റൂമുകളായാണ് പ്രവർത്തിക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നതിലും അധികനിരക്കിലാണ്. കമ്പ്യൂട്ടർ വാങ്ങൽ നടത്തിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസ/എച്ച്.എസ്സ്.എസ്സ്/വി.എച്ച്.എസ്സ്.ഇ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ/എം.പി/എം.എൽ.എ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ പൊതുവിദ്യഭ്യാസ വകുപ്പിന്റെ 06-01-18 ലെ സ.ഉ(സാ.ധ)നം-97/18 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിരക്കിലായിരിക്കണം വാങ്ങൽ നടത്തേണ്ടത്. എന്നാൽ

ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നതിലും അധിക നിരക്കിൽ വാങ്ങൽ നടത്തിയിരിക്കുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | വാങ്ങിയ നിരക്ക് | വാങ്ങേണ്ട നിരക്ക് | അധികം |
|---|---|---|---|---|---|
| 1 | ലാപ്ടോപ്പ് | 4 | 1,56,159.97 (39039.9928.x4) | 1,24,000 (31,000.x4) | 32,159 |
| 2 | മൾട്ടി മീഡിയ പ്രൊജക്ടർ | 4 | 1,52,400 (38,100 x4) | 95,440 (23860 x4) | 56,960 |

ആരാഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(1) /26.02.2018ലെ ശിപാർശയുടെനുസരിച്ച് എ.ഇ.ഒ14/04/2018ലെ 103/2018ാം നമ്പർ ഉത്തരവിലെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാനദന്ധങ്ങളും പാലിച്ചാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതെന്ന് ഡി.പി.സി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത് നിർദ്ദേശിച്ച സർക്കാർ ഉത്തരവിൻ പ്രകാരമുള്ള നിരക്കിൽ അധികം നിർദ്ദേശിച്ചത് അംഗീകച്ചിരിക്കുന്നു. ഡി.പി.സി അംഗീകാരം ലഭിച്ചാലും നിർവ്വഹണ ഉദ്യോഗസ്ഥ സർക്കാർ ഉത്തരവുകൾക്കനുസൃതമായി വേണം വാങ്ങൽ നടപടികൾ നടത്തേണ്ടത് എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്നതിലും അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥ ആദ്യ ക്വട്ടേഷനിൽ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറിനും പ്രൊജക്ടറിനും ഉയർന്ന നിരക്കിലുള്ള തുകയാണ് ക്വാട്ട് ചെയ്തതെന്നും തുടർന്ന് രണ്ടാമത് ക്വട്ടേഷനിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ എന്നും ക്ലാസ് മുറികളുടെ വലിപ്പം പരിഗണിച്ചാണ് കമ്മിറ്റി ഷോർട്ട് ത്രോ പ്രൊജക്ടർ തന്നെ വാങ്ങാൻ ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങിയതെന്നും അറിയിക്കുകയും ചെയ്തു. എക്സിറ്റ് മീറ്റിംഗിൽ എല്ലാ സർക്കാർ സ്കൂളുകളും ഹൈടെക് ആക്കുന്നതിനും ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമായും വീഡിയോ കോൺഫറൻസ്, മാതൃകാ ടി.വി. നിലയം, വിവിധ ശാസ്ത്രമേഖലയിലുള്ളവരുമായി നേരിട്ട് സംവാദം തുടങ്ങിയ രീതിയിലാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത് എന്നും ഇപ്പോൾ പഞ്ചായത്ത് പരിധിയിലെ എല്ലാ സർക്കാർ സ്കൂളുകളിലേയും എല്ലാ ക്ലാസ് മുറികളും ഹൈടെക്കാണെന്നും ക്ലാസ് മുറികളുടെ വലിപ്പം പരിഗണിച്ചാണ് കമ്മിറ്റി ഷോർട്ട് ത്രോ പ്രൊജക്ടർ തന്നെ കമ്മിറ്റി പരിഗണിച്ചതെന്നും പഞ്ചായത്ത് പ്രസിഡന്റ് അറിയിക്കുകയും ചെയ്തു. പ്രാദേശിക പരിശോധനയിൽ ഈ ക്ലാസ് മുറികളിൽ പ്രൊജക്ടർ ഉപയോഗിച്ച് അധ്യയനം നടക്കുന്നതായി കണ്ടു. എന്നാൽ കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസത്തിന് മറുപടി നൽകിയിട്ടില്ല. പൊതുവിദ്യഭ്യാസ വകുപ്പിന്റെ 06-01-18 ലെ സ.ഉ(സാ.ധ)നം-97/18 ഉത്തരവിൽ

നിഷ്കർഷിച്ചിരിക്കുന്ന നിരക്കിലധികരിച്ച് വാങ്ങൽ നടപടികൾ നടത്തിയതിനാൽ കമ്പ്യൂട്ടർ വാങ്ങിയതിൽ അധികം ചെലവഴിച്ച തുക 32,159 രൂപ നിരാകരിക്കുന്നു. അധികം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സിൽ നിന്നും ഈടാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 05/27.11.2019 |
| നിരാകരിച്ച തുക | 32,159/- |

## 1-18 റെസ്റ്റൊറേഷൻ ചാർജ്ജ് കുറവായി ഈടാക്കി

പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ റോഡുകൾ കട്ട് ചെയ്യുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, വോഡാഫോൺ ഐഡിയാ ലിമിറ്റഡ് എന്നിവരിൽ നിന്നും റെസ്റ്റൊറേഷൻ ചാർജ്ജ് ഈടാക്കി അനുമതി നൽകിയിട്ടുണ്ട്. PWD യുടെ 22/5/18 ലെ No.CE/R&B/GL-RC/1/2018 ഉത്തരവ് പ്രകാരം 'The restoration width should be calculated as 1.50 times the trench width excavated for laying pipes. In the case of BT surface, the minimum restoration width taken for proper compaction shall be 1 meter' എന്ന് വ്യക്തമാക്കുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം Restoration width കണക്കാക്കിയിട്ടില്ല. റെസ്റ്റൊറേഷൻ ചാർജ്ജ് കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കരടിമുക്ക് മുതൽ പാർക്ക് മുക്ക് (3-ാം വാർഡ്) വരെയുള്ള റോഡിന്റെ ഇരുവശവും 456മീറ്റർ നീളത്തിലും 40സെ.മീ വീതിയിലും റോഡ് കട്ട് ചെയ്യുന്നതിന് 28.04.2018- ൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ പ്രകാരം കണക്കാക്കിയത്.

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | ബി.റ്റി കട്ടിംഗ് | 2x456x0.15=136.80ച.മീ | 4752.20 | 650101 |
| 2 | ബേം കട്ടിംഗ് | 2x456x0.25=228ച.മീ | 329.87 | 75210 |
| ആകെ | | | | 725311 |

യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന റെസ്റ്റൊറേഷൻ ചാർജ്ജ്.

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | ബി.റ്റി കട്ടിംഗ് | 2x456x0.15x1.5=205.2ച.മീ | 4752.20 | 975151.44 |
| 2 | ബേം കട്ടിംഗ് | 2x456x0.25x1.5=342ച.മീ | 329.87 | 112816 |
| ആകെ | | | | 1087967.44 |

ഈടാക്കിയതിൽ കുറവ് = 1087967 - 725311

= 3,62,656 /-

2. അഞ്ചാം വാർഡ് പൊരുത്തുമൂല റോഡിന്റെ ഇരുവശവും 110മീറ്റർ നീളത്തിലും 40സെ.മീ വീതിയിൽ റോഡ് കട്ട് ചെയ്യുന്നതിന് 13.04.2018 ൽ റിലയൻസ് ജിയോ ഇൻഫോംകോം ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ.

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | എർത്ത് കട്ടിംഗ് | 2x110x0.40=88ച.മീ | 329.87 | 29029 |

യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന റെസ്റ്റൊറേഷൻ ചാർജ്ജ്.

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | എർത്ത് കട്ടിംഗ് | 2x110x0.40x1.5=132ച.മീ | 329.87 | 43542.84 |

ഈടാക്കിയതിൽ കുറവ് = 43542.84 - 29029

= 14513.84

= 14,514/-

3. അമ്മാരത്തു ജംഗ്ഷൻ കരടിമുക്ക് റോഡിന്റെ ഇരുവശവും 15മീറ്റർ നീളത്തിലും 30സെ.മീ വീതിയിൽ റോഡ് കട്ട് ചെയ്യുന്നതിന് 13.04.2018 ൽ റിലയൻസ് ജിയോ ഇൻഫോംകോം ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ.

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | എർത്ത് കട്ടിംഗ് | 2x15x0.30=9ച.മീ | 329.87 | 2969 |
| 2 | ടാർ ക്രോസിംഗ് | 1x3.60x0.30=1.08ച.മീ | 4752.20 | 5132 |
| ആകെ | | | | 8101 |

യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന റീസ്റ്റൊറേഷൻ ചാർജ്ജ്.

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | എർത്ത് കട്ടിംഗ് | 2x15x0.30x1.5=13.5ച.മീ | 329.87 | 4453.24 |
| 2 | ടാർ ക്രോസിംഗ് | 1x3.60x1=3.6ച.മീ | 4752.20 | 17107.92 |
| ആകെ | | | | 21561.16 |

ഈടാക്കിയതിൽ കുറവ് = 21561 - 8101

= 13,460 /-

4. ഊന്നിൻമൂട് ബ്ലോക്ക് മരം റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി 1200മീറ്റർ നീളത്തിലും 30 സെ.മീ വീതിയിൽ റോഡ് കട്ട് ചെയ്യുന്നതിന് 27.02.2019 ൽ ഐഡിയ വോഡാഫോൺ ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ.

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | കോൺക്രീറ്റ് കട്ടിംഗ് | 209x0.25=52.25ച.മീ | 6252.24 | 326680 |
| 2 | എർത്ത് കട്ടിംഗ് | 991x0.30=297.30ച.മീ | 329.87 | 98070 |
| ആകെ | | | | 424750 |

യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന റീസ്റ്റോറേഷൻ ചാർജ്ജ്.

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | കോൺക്രീറ്റ് കട്ടിംഗ് | 209x0.3x1.5=94.05ച.മീ | 6252.24 | 588023 |
| 2 | എർത്ത് കട്ടിംഗ് | 991x0.30x1.5=445.95ച.മീ | 329.87 | 147105.53 |
| ആകെ | | | | 735128.53 |

ഈടാക്കിയതിൽ കുറവ് = 637093.53 - 424750 = 2,12,343.53 /-

ഇത്തരത്തിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ വിസ്തീർണ്ണം കണക്കാക്കിയതുമൂലം വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. റെസ്റ്റോറേഷൻ ചാർജ്ജ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. റെസ്റ്റോറേഷൻ ചാർജ്ജ് കുറവായി ഈടാക്കിയതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം 390630/- രൂപ റിലയൻസ് ജിയോ ഇൻഫോലിമിറ്റഡിൽ നിന്നും212343.53/- രൂപ ഐഡിയ വോഡാഫോൺ ലിമിറ്റഡിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

ഓഡിറ്റന്വേഷണം നം. 4/ 27.11.19

## 1-19 കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള കണക്ഷനുമായി ബന്ധപെട്ടു അപാകതകൾ

പ്രോജക്റ്റ്നം : 29/19

അടങ്കൽ തുക : 1220000/-രൂപ

ചെലവ് : 685554/-രൂപ

ബിൽ നം : 121/15/10/18; 35200/-

149/13/11/18 : 107704/-

169/23/11/18 : 40875/-

178/27/11/18 : 47552/-

184/29/11/18 : 61458/-

217/21/12/18 : 43394/-

267/19/01/19 : 72734/-

278/25/01/19 : 70890/-

311/22/02/19 : 88809/-

322/02/03/19 : 39560/-

333/12/10/19 : 47753/-

342/18/03/19 : 29625/-

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈനിൽ നിന്നും കുടിവെള്ള കണക്ഷൻ എടുത്തു സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് പരമാവധി 20000/- രൂപ എസ് സി പി ഗുണഭോക്താക്കൾക്ക് നൽകുന്നതാണ് പ്രൊജക്റ്റ്.

കേരള വാട്ടർ അതോറിറ്റിയുടെ ലൈസൻസ് ഉള്ള വ്യക്തികളാണ് കുടിവെള്ള പൈപ്പ്ലൈൻ കണക്ഷൻ പ്രവർത്തി ചെയ്തിട്ടുള്ളത്. ആകെ നാലു ലൈസൻസികളാണ് പ്രവർത്തി ചെയ്തിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള കണക്ഷനുമായി ബന്ധപെട്ടു കുറഞ്ഞ 5 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലേയ്ക്കായി ഒടുക്കേണ്ടത് 5416/- രൂപയാണ്. പിന്നീടുള്ള ഓരോ മീറ്ററിനും 128രൂപയാണ് ഒടുക്കേണ്ടത്. പ്രസ്തുത ചെലവാണ് ഗുണഭോക്തകളിൽനിന്നും ഈടാക്കേണ്ടത്. എന്നാൽ ബൈജു എന്ന കരാറുകാരൻ ചെയ്ത പ്രവർത്തികളിൽ കൂടതൽ തുകയാണ് എസ്ററിമേറ്റിൽ ഉൾപ്പടുത്തിയിട്ടുള്ളത്. കൂടാതെ ബൈജു നൽകിയ എല്ലാ എസ്ററിമേറ്റിലും സ്ഥാപിച്ച പൈപ്പ്ലൈൻ ദൂരം തിരുത്തിയാണ് എഴുതിയിട്ടുള്ളത്.. ബൈജു എഴുതി നൽകിയ എസ്ററിമേറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്കു നിർവ്വഹണ ഉദ്യോഗസ്ഥ തുക ട്രാൻസ്ഫർ ചെയ്തു നല്കുകയാണ് ചെയ്തിട്ടുള്ളത്.

a) 2018-19വർഷം ബൈജു എന്ന കരാറുകാരൻ നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നൽകിയ പ്രവർത്തികളുടെ വിവരം താഴേ ചേർക്കുന്നു.

1) ബേബി ചരുവിള വീട്, ഇടയാടി, പൂതക്കുളം എന്ന ഗുണഫോക്താവിന് 30മീറ്റർ പൈപ്പ് ലൈൻസ്ഥാപിച്ചതിനു റോഡ് കട്ടിങ്ങ് ചാർജ്സ് 4000/-രൂപ ഉൾപ്പെടെ 15275/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാന് താഴേ പറയും പ്രകാരം തുക നൽകിയാൽ മതിയാകും.

ആദ്യ 5മീറ്ററിനു നൽകേണ്ട തുക = 5416/- രൂപ

പിന്നീടുള്ള ഓരോ മീറ്ററിനും നൽകേ രൂപ ണ്ട തുക = 128x25 = 3200/- രൂപ

റോഡ് കട്ടിങ്ങ് ചാർജ്സ് = 4000/-

ഓണർഷിപ്പ്സർട്ടിഫിക്കറ്റിന് പഞ്ചായത്തിൽ ഒടുക്കിയ തുക = 250/- രൂപ

ആകെ = 12866/-രൂപ നൽകിയാൽ മതിയാകും.

2) ഓമന കിഴക്കും കര വീട് പൂതക്കുളം എന്ന ഗുണഭോക്താവിന് 50 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചതിനു റോഡ് കട്ടിങ്ങ് ചാർജ്സ് ഇല്ലാതെ 15200/-രൂപ നൽകിയിട്ടുണ്ട്.എന്നാൽ ടിയാന് താഴേ പറയും പ്രകാരം തുക നൽകിയാൽ മതിയാകും.

ആദ്യ 5മീറ്ററിനുനൽകേണ്ട തുക = 5416/- രൂപ

പിന്നീടുള്ള ഓരോ മീറ്ററിനും നൽകേണ്ട തുക = 128x45 = 5760/- രൂപ

റോഡ് കട്ടിങ് ചാർജ്സ് = ഇല്ല

ഓണർഷിപ്പ്സർട്ടിഫിക്കറ്റിന് പഞ്ചായത്തിൽ ഒടുക്കിയ തുക = 250/- രൂപ

ആകെ = 11426/- രൂപ നൽകിയാൽ മതിയാകും.

3) സന്ധ്യ.എസ്, പരപ്പുരത്തുവീട്, പൂതക്കുളം എന്ന ഗുണഫോക്താവിന് 10 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചതിനു റോഡ് കട്ടിങ് ചാർജ്സ് ഇല്ലാതെ 8000/-രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടിയാന് താഴേ പറയും പ്രകാരം തുക നൽകിയാൽ മതിയാകും.

ആദ്യ 5മീറ്ററിനു നൽകേണ്ട തുക = 5416/- രൂപ

പിന്നീടുള്ള ഓരോ മീറ്ററിനും നൽകേണ്ട തുക = 128x5 = 640/- രൂപ

റോഡ് കട്ടിങ്ങ് ചാർജ്സ് = ഇല്ല

ഓണർഷിപ്പ്സർട്ടിഫിക്കറ്റിന് പഞ്ചായത്തിൽ ഒടുക്കിയ തുക = 250/- രൂപ

ആകെ = 6306/- രൂപ നൽകിയാൽ മതിയാകും.

b) താമസക്കാരല്ലാത്ത വീട്ടിൽ കുടിവെള്ള കണക്ഷൻ എടുത്തതിനു സബ്സിഡി നൽകി.

സന്ധ്യ.എസ്, പരപൂരത്തുവീട്, പൂതക്കുളം എന്ന ഗുണഫോക്താവിന് 10 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചതിനു 8000/-രൂപ നൽകിയിട്ടുണ്ട്. 29.11.19-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ സന്ധ്യ എന്ന വ്യക്തിയോ കുടംബമോ അവിടെ താമസക്കാർ അല്ലാത്തതും, പൈപ്പ് ലൈൻ ടാപ്പ് ഫിറ്റ് ചെയ്യാതെ മൂടി വെച്ചിട്ടുള്ളതുമാണ്.

മേൽ അപാകതകൾ ചൂണ്ടികാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിനം: 6/29.11.19-ന് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ ഒരേ രീതിയിലുള്ള വർക്കായതിനാൽ ഒരിക്കൽ എടുത്ത എസ്റ്റിമേറ്റ് പൈപ്പ്ലൈൻ നീളം അളവ് മാത്രം മാറ്റിയാണ് കരാറുകാൻ നല്കിയിട്ടുള്ളതെന്നും, എസ്റ്റിമേറ്റിലെ എഴുത്തു പിശക് മൂലം കുറഞ്ഞ അളവുകൾ രേഖപെടുത്തിയിട്ടുള്ളെതെന്നും, ജല ദൗർലഭ്യമുള്ള പ്രദേശത്തു 61കുടംബാങ്ങൾക്ക് ടി പ്രൊജക്റ്റ് വഴി കുടിവെള്ളം നല്കാൻ പഞ്ചായത്തിന് കഴിഞ്ഞു എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നതു.

കേരള വാട്ടർ അതോറിറ്റിയിൽ കുടിവെള്ള കണക്ഷനുമായി ബന്ധപെട്ടു ഒടുക്കേണ്ട യഥാർത്ഥ ചെലവ് തന്നെ ഗുണഭോക്താക്കൾക്ക് കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിൽ നൽകുന്നതിലും ഇത്തരം നോട്ട പിശകുകൾ ഉണ്ടാകാതെയും നിർവ്വഹണഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 റെസ്റ്റൊറേഷൻ ചാർജ്ജ് കുറവായി ഈടാക്കി നഷ്ടം 6,02,973.53/- രൂപ

റെസ്റ്റൊറേഷൻ ചാർജ്ജ് കുറവായി ഈടാക്കി നഷ്ടം 6,02,973.53/- രൂപ

പഞ്ചായത്തിന്റെ പരിധിയിലുള്ള വിവിധ റോഡുകൾ കട്ട് ചെയ്യുന്നതിന് റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, വോഡാഫോൺ ഐഡിയാ ലിമിറ്റഡ് എന്നിവരിൽ നിന്നും റെസ്റ്റൊറേഷൻ ചാർജ്ജ് ഈടാക്കി അനുമതി നൽകിയിട്ടുണ്ട്. 22/5/18 ലെ ,No.CE/R&B/GL-RC/1/2018 പ്രകാരമുള്ള ഉത്തരവ് പ്രകാരം 'The

restoration width should be calculated as 1.50 times the trench width excavated for laying pipes. In the case of BT surface, the minimum resteration width taken for proper compaction shall be 1 meter' എന്ന് വ്യക്തമാക്കുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം Restoration width കണക്കാക്കിയിട്ടില്ല. റെസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.കരടിമുക്ക് മുതൽ പാർക്ക് മുക്ക് (3-ാം വാർഡ്) വരെയുള്ള റോഡിന്റെ ഇരുവശവും 456മീറ്റർ നീളത്തിലും 40സെ.മീ വീതിയിലും റോഡ് കട്ട് ചെയ്യുന്നതിന് 28.04.2018- ൽ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ പ്രകാരം കണക്കാക്കിയത് ;

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | ബി.റ്റി കട്ടിംഗ് | 2x456x0.15=136.80ച.മീ | 4752.20 | 650101 |
| 2 | എർത്ത് കട്ടിംഗ് | 2x456x0.25=228ച.മീ | 329.87 | 75210 |
| ആകെ | | | | 725311 |

<u>യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന റെസ്റ്റോറേഷൻ ചാർജ്ജ്.</u>

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | ബി.റ്റി കട്ടിംഗ് | 2x456x0.15x1.5=205.2ച.മീ | 4752.20 | 975151.44 |
| 2 | എർത്ത് കട്ടിംഗ് | 2x456x0.25x1.5=342ച.മീ | 329.87 | 112816 |
| ആകെ | | | | 1087967.44 |

ഈടാക്കിയതിൽ കുറവ് = 1087967 - 725311

= 3,62,656 /-

2. അഞ്ചാം വാർഡ് പൊരുത്തുമൂല റോഡിന്റെ ഇരുവശവും 110മീറ്റർ നീളത്തിലും 40സെ.മീ വീതിയിൽ റോഡ് കട്ട് ചെയ്യുന്നതിന് 13.04.2018 ൽ റിലയൻസ് ജിയോ ഇൻഫോംകോം ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ.

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | എർത്ത് കട്ടിംഗ് | 2x110x0.40=88ച.മീ | 329.87 | 29029 |

<u>യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന റെസ്റ്റോറേഷൻ ചാർജ്ജ്.</u>

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | എർത്ത് കട്ടിംഗ് | 2x110x0.40x1.5=132ച.മീ | 329.87 | 43542.84 |

ഈടാക്കിയതിൽ കുറവ് = 43542.84 - 29029

= 14513.84

= 14,514/-

**3.അമ്മാരത്തു ജംഗ്ഷൻ കരടിമുക്ക് റോഡിന്റെ ഇരുവശവും 15മീറ്റർ നീളത്തിലും 30സെ.മീ വീതിയിൽ റോഡ് കട്ട് ചെയ്യുന്നതിന് 13.04.2018 ൽ റിലയൻസ് ജിയോ ഇൻഫോംകോം ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ.**

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | എർത്ത് കട്ടിംഗ് | 2x15x0.30=9ച.മീ | 329.87 | 2969 |
| 2 | ടാർ ക്രോസിംഗ് | 1x3.60x0.30=1.08ച.മീ | 4752.20 | 5132 |
| ആകെ | | | | 8101 |

<u>യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന റീസ്റ്റോറേഷൻ ചാർജ്ജ്.</u>

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | എർത്ത് കട്ടിംഗ് | 2x15x0.30x1.5=13.5ച.മീ | 329.87 | 4453.24 |
| 2 | ടാർ ക്രോസിംഗ് | 1x3.60x1=3.6ച.മീ | 4752.20 | 17107.92 |
| ആകെ | | | | 21561.16 |

ഈടാക്കിയതിൽ കുറവ് = 21561 - 8101

= 13,460 /-

4.ഊന്നിൻമൂട് ബ്ലോക്ക് മരം റോഡിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിനായി 1200മീറ്റർ നീളത്തിലും 30സെ.മീ വീതിയിൽ റോഡ് കട്ട് ചെയ്യുന്നതിന് 27.02.2019 ൽ ഐഡിയ വോഡാഫോൺ ലിമിറ്റഡ് സമർപ്പിച്ച അപേക്ഷ.

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | കോൺക്രീറ്റ് കട്ടിംഗ് | 209x0.25=52.25ച.മീ | 6252.24 | 326680 |
| 2 | എർത്ത് കട്ടിംഗ് | 991x0.30=297.30ച.മീ | 329.87 | 98070 |
| ആകെ | | | | 424750 |

<u>യഥാർത്ഥത്തിൽ ഈടാക്കേണ്ടിയിരുന്ന റീസ്റ്റോറേഷൻ ചാർജ്ജ്.</u>

| ക്രമ നം. | ഇനം | വിസ്തീർണ്ണം | നിരക്ക്(ച.മീ) | തുക |
|---|---|---|---|---|
| 1 | കോൺക്രീറ്റ് കട്ടിംഗ് | 209x0.25x1.5=78.37ച.മീ | 6252.24 | 489988 |
| 2 | എർത്ത് കട്ടിംഗ് | 991x0.30x1.5=445.95ച.മീ | 329.87 | 147105.53 |
| ആകെ | | | | 637093.53 |

ഈടാക്കിയതിൽ കുറവ് = 637093.53 - 424750

= 2,12,343.53 /-

ഇത്തരത്തിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലാതെ വിസ്തീർണ്ണം കണക്കാക്കിയതുമൂലം വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. റെസ്റ്റോറേഷൻ ചാർജ്ജ് കുറവായി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

റെസ്റ്റൊറേഷൻ ചാർജ്ജ് കുറവായി ഈടാക്കിയതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം 3,90,630/- രൂപ റിലയൻസ് ജിയോ ഇൻഫോലിമിറ്റഡിൽ നിന്നും2,12,343.53/- രൂപ ഐഡിയ വോഡാഫോൺ ലിമിറ്റഡിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിവ്വഹണ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്. .

ഓഡിറ്റന്വേഷണം നം.4/ 27.11.19

നഷ്ടം – 602973/- രൂപ

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 സപ്ലൈകോയിൽ നിന്നും ലഭിച്ചിട്ടില്ലാത്ത 316കിലോഗ്രാം കടലയ്ക്ക് നൽകിയ 25580/-രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നം : 37/19

<u>അടങ്കൽ തുക :</u>

വികസന ഫണ്ട് : 2000000/-

കേന്ദ്രാവിഷ്കൃത ഫണ്ട് : 700000/-

തനത് ഫണ്ട് : 102000/-

ബ്ലോക്ക് ഫണ്ട് : 200000/-/-

ജില്ലാ പഞ്ചായത്ത് ഫണ്ട് : 600000/-

<u>ചെലവ് :</u>

<u>വികസന ഫണ്ട് : 2000000/-</u>

ബിൽനം : 1/31.07.18 : 948014/-

ബിൽനം : 2/27.10.18 : 518340/-

ബിൽനം : 4/29.10.18 : 172410/-

ബിൽനം : 5/02.12.18 : 146211/-

ബിൽനം : 6/05.06.19 : 179632/-

ബിൽനം : 8/19.03.19 : 35393/-

<u>കേന്ദ്രാവിഷ്കൃത ഫണ്ട് :</u> 414760/-

ചെക്ക് നം; 2741721/18.03.19 : 401922/-

ചെക്ക് നം; 27612581/19.03.19 : 12838/-

<u>തനത് ഫണ്ട് : 91975/-</u>

ചെക്ക് നം; 2761257/19.03.19 : 91975/-

<u>ബ്ലോക്ക് ഫണ്ട് : 200000/-</u>

ചെക്ക് നം; 6053045/11.01.19 : 200000/-

<u>ജില്ലാ പഞ്ചായത്ത് ഫണ്ട് : 200000/-</u>

ചെക്ക് നം; 6053046/11.01.19 : 156441/-

ചെക്ക് നം; 6053052/18.03.19 : 43559/

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പൂരകപോഷകാഹാര പ്രോജെക്ടിൽ അംഗനവാടികൾക്ക് വിതരണം ചെയ്യാനായി വാങ്ങിയ കടല ലഭിച്ചതായി സ്റ്റോക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

സപ്ലൈകോയുടെ ബിൽ നം.0201202/181660 തീയതി: 25.02.19 പ്രകാരം 156 കിലോഗ്രാം കടല വാങ്ങിയതിന് ബിൽനം.8/19.03.19 പ്രകാരം 12940/-രൂപയും (82.95രൂപ/കിലോ.ഗ്രാം), സപ്ലൈകോയുടെ ബിൽ നം.0201202/18145 തീയതി: 01.01.19 പ്രകാരം 160 കിലോഗ്രാം കടല വാങ്ങിയതിന് ചെക്ക്നം; 6053046/11.01.19 പ്രകാരം 12640/-പ്രകാരവും (79രൂപ/കിലോ.ഗ്രാം) സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും മേൽ പറഞ്ഞ ബില്ലുകളിലെ കടല ലഭിച്ചതായി സ്റ്റോക്കിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

കടല കിട്ടാത്തതുമായി ബന്ധപെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സപ്ലൈകോയിൽ നിന്നും ലഭിച്ചിട്ടില്ലാത്ത 316കിലോഗ്രാം കടലയ്ക്ക് നൽകിയ 25580/-രൂപ നിരാകരിക്കുന്നു. കടല ലഭ്യമാകാത്തത് സംബന്ധിച്ച് നിർവ്വണ ഉദ്യഗസ്ഥയുടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിനം : 7/29.11.19

നിരാകരിച്ച തുക : 25580/-രൂപ

## 3-2 ഔദ്യോഗിക വാഹനത്തിന്റെ അധിക ഫിറ്റിംഗ് - നിയമപ്രകാരമല്ലാത്ത അധിക ഫിറ്റിംഗിന് ചെലവഴിച്ച തുക നിരാകരിക്കുന്നു.

പൂതക്കുളം ഗ്രാമ പഞ്ചായത്തിൽ പുതിയതായി വാങ്ങിയ ഔദ്യാഗിക വാഹനത്തിൽ നിയമം അനുശാസിക്കാത്ത അധിക ഫിറ്റിംഗ് നടത്തിയിരിക്കുന്നു.

ഔദ്യോഗിക വാഹനമായ കെ.എൽ.02 ബി.ഇ. 1289മഹീന്ദ്ര സൈലോയുടെ സംരക്ഷണത്തിനായി അധിക ഫിറ്റിംഗ് നടത്തുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ റേറ്റ് ക്വാട്ട് ചെയ്ത ശ്യാംസ് കാർ എന്റർട്ടൈനേഴ്സിനാണ് ക്വട്ടേഷൻ അനുവദിച്ചത് വാങ്ങിയത്. വൗച്ചർ നമ്പർ 51800066/24.04.2018 ചെക്ക് നമ്പർ 38470/24.04.2018. ഇൻവേയ്സ് നമ്പർ ബി/83/19.04.2018 തുക 27,450/- വാങ്ങൽ രേഖകൾ പരിശോധിച്ചതിൽ ക്രാഷ് ഗാർഡിനായി 8600 രൂപയും റിയർ ഗാർഡിന് 4600 രൂപയും ചെലവഴിച്ചതായി കാണുന്നു. ഈ ഫിറ്റിംഗുകൾ 1988ലെ കേരള മോട്ടാർ വാഹന നിയമം 190, 191 വകുപ്പുകൾ പ്രകാരം കുറ്റകരമാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അഡീഷണൽ ഫിറ്റിംഗ് അവശ്യമാണെന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദീർഘകാല സംരക്ഷണത്തിനായാണ് ഫിറ്റിംഗ്സ് നടത്തിയതെന്നും നിയമ പ്രകാരം കുറ്റകരമാണെന്ന വസ്തുത അറിയില്ലായിരുന്നുവെന്നും ഈ ഫിറ്റിംഗുകൾ വാഹനത്തിൽ നിന്നും മാറ്റുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

ഈ ഫിറ്റിംഗുകൾ വാഹനത്തിൽ നിന്നും നീക്കം ചെയ്യേണ്ടതും നിയമം അനുവദിക്കാത്ത ഉപകരണങ്ങൾ വാങ്ങി ഫിറ്റിംഗ് നടത്തിയ ഇനത്തിൽ ചെലവാക്കിയ 13,200/- രൂപ നിരാകരിക്കുന്നു.
ഓഡിറ്റ് എൻക്വയറി നം. 1/22-11-2019

## 3-3 സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം- സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടപടികൾ നടത്തിയിരിക്കുന്നു. തുക നിരാകരിക്കുന്നു.

സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം- സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടപടികൾ നടത്തിയിരിക്കുന്നു. തുക നിരാകരിക്കുന്നു.

| | |
|---|---|
| പദ്ധതി നമ്പർ | എസ്.026/2019 |
| പദ്ധതി പേര് | സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം |
| | |

| | |
|---|---|
| ഫണ്ട് | മെയ്റ്റനൻസ് ഫണ്ട് (റോഡിതരം) |
| ബിൽ നമ്പർ , തീയതി | 01/01.10.2018 |
| തുക | 3,99,680/- |

സ്കൂളുകൾക്ക് സ്മാർട്ട് ക്ലാസ് റൂം എന്ന പദ്ധതിയുടെ നടത്തിപ്പിലാണ് സർക്കാർ ഉത്തരവിന് വിരുദ്ധമായി കമ്പ്യൂട്ടർ വാങ്ങൽ നടത്തിയിരിക്കുന്നത്.

പൂതക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ എല്ലാ സ്കൂളുകളും ഹൈടെക് ആക്കുന്നതിനും ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമായി രണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രാദേശിക പരിശോധനയിൽ എല്ലാ സർക്കാർ സ്കൂളുകളിലെ ക്ലാസ് റൂമുകളും കംപ്യൂട്ടർ പ്രൊജക്റ്റർ സൗകര്യമുള്ള സ്മാർട്ട് ക്ലാസ് റൂമുകളായാണ് പ്രവർത്തിക്കുന്നത്.

ഈ പദ്ധതിയുടെ ഭാഗമായി കമ്പ്യൂട്ടർ വാങ്ങിയതിൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നതിലും അധികനിരക്കിൽ കമ്പ്യൂട്ടർ വാങ്ങൽ നടത്തിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസ /എച്ച്.എസ്സ്.എസ്സ് /വി.എച്ച്.എസ്സ്.ഇ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്കും സ്കൂളുകൾക്കും ആവശ്യമായ ഐ.സി.ടി ഹാർഡ് വെയർ ഉപകരണങ്ങൾ സർക്കാർ/ എം.പി/ എം.എൽ.എ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങുമ്പോൾ പൊതുവിദ്യഭ്യാസ വകുപ്പിന്റെ 06-01-18 ലെ സ.ഉ(സാ.ധ)നം-97/18 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിരക്കിലായിരിക്കണം വാങ്ങേണ്ടത്. എന്നാൽ ഹെഡ്മിസ്ട്രസ് നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്നതിലും അധിക നിരക്കിൽ വാങ്ങൽ നടത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം | വാങ്ങിയ നിരക്ക് | വാങ്ങേണ്ട നിരക്ക് | അധികം |
|---|---|---|---|---|---|
| 1 | ലാപ്ടോപ്പ് | 4 | 1,56,159.97 (39039.9928.x4) | 1,24,000 (31,000.x4) | 32,159 |
| 2 | മൾട്ടി മീഡിയ പ്രൊജക്റ്റർ | 4 | 1,52,400 (38,100 x4) | 95,440 (23860 x4) | 56,960 |

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1(1) /26.02.2018ലെ ശിപാർശ എ.ഇ.ഒ14/04/2018ലെ 103/2018ാം നമ്പർ ഉത്തരവിലൂടെ പദ്ധതി മാർഗ്ഗരേഖയും സബ്സിഡി മാനദണ്ഡങ്ങളും പാലിച്ചാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ഡി.പി.സി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഗ്രാമ പഞ്ചായത്ത്

നിർദ്ദേശിച്ച സർക്കാർ ഉത്തരവിൻ പ്രകാരമുള്ള നിരക്കിൽ അധികം നിർദ്ദേശിച്ചത് അംഗീകച്ചിരിക്കുന്നു. ഡി.പി.സി അംഗീകാരം ലഭിച്ചാലും നിർവ്വഹണ ഉദ്യോഗസ്ഥ സർക്കാർ ഉത്തരവുകൾക്കനുസൃതമായി വേണം വാങ്ങൽ നടപടികൾ നടത്തേണ്ടത് എന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ ഉത്തരവിലും അധികം തുക നൽകിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട എൻക്വയറിയ്ക്ക് മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥ ആദ്യ ക്വട്ടേഷനിൽ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറിനും പ്രൊജക്ടറിനും ഉയർന്ന നിരക്കിലുള്ള തുകയാണ് ക്വാട്ട് ചെയ്തതെന്നും തുടർന്ന് രണ്ടാമത് ക്വട്ടേഷനിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ എന്നും ക്ലാസ് മുറികളുടെ വലിപ്പം പരിഗണിച്ചാണ് കമ്മിറ്റി ഷോർട്ട് ത്രോ പ്രൊജക്ടർ തന്നെ പരിഗണിച്ചതെന്നും അറിയിക്കുകയും തുടർന്ന് എക്സിറ്റ് മീറ്റിംഗിൽ എല്ലാ സർക്കാർ സ്കൂളുകളിലും സ്കൂളുകളും ഹൈടെക് ആക്കുന്നതിനും ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമായും വീഡിയോ കോൺഫറൻസ്, മാതൃകാ ടി.വി. നിലയം, വിവിധ ശാസ്ത്രമേഖലയിലുള്ളവരുമായി നേരിട്ട് സംവാദം തുടങ്ങിയ രീതിയിലാണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത് എന്നും ഇപ്പോൾ പഞ്ചായത്ത് പരിധിയിലെ എല്ലാ സർക്കാർ സ്കൂളുകളിലേയും എല്ലാ ക്ലാസ് മുറികളും ഹൈടെക്കാണെന്നും ക്ലാസ് മുറികളുടെ വലിപ്പം പരിഗണിച്ചാണ് കമ്മിറ്റി ഷോർട്ട് ത്രോ പ്രൊജക്ടർ തന്നെ കമ്മിറ്റി പരിഗണിച്ചതെന്നും പഞ്ചായത്ത് പ്രസിഡന്റ് അറിയിക്കുകയും ചെയ്തു. പ്രാദേശിക പരിശോധനയിൽ ഈ ക്ലാസ് മുറികളിൽ പ്രൊജക്ടർ ഉപയോഗിച്ച് അധ്യയനം നടക്കുന്നതായി കണ്ടു. കമ്പ്യൂട്ടറിന്റെ സ്പെസിഫിക്കേഷനിലുള്ള വ്യത്യാസത്തിന് മറുപടി നൽകിയിട്ടില്ല. പൊതുവിദ്യഭ്യാസ വകുപ്പിന്റെ 06-01-18 ലെ സ.ഉ(സാ.ധ)നം-97/18 ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന നിരക്കിലധികരിച്ച് വാങ്ങൽ നടപടികൾ നടത്തിയതിനാൽ കമ്പ്യൂട്ടർ വാങ്ങിയതിൽ അധികം ചെലവഴിച്ച തുക 32,159 രൂപ നിരസിക്കുന്നു. അധികം ചെലവഴിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥയായ ഹെഡ്മിസ്ട്രസ്സിൽ നിന്നും ഈടാക്കേണ്ടതാണ്.

| | |
|---|---|
| ഓഡിറ്റ് എൻക്വയറി നമ്പർ | 05/27.11.2019 |
| നിരാകരിച്ച തുക | 32,159/- |

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19-07-2019 – 20-07-2019 | KSA KLM P5 – 1129/19 dtd 03/08/2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 212800 | ഭിന്നശേഷിയുള്ള കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 212800 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 279055 | നെൽകൃഷി വികസനം | 279055 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 277592 | നെൽകൃഷി വികസനം | 277592 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | അങ്കണവാടി - പോഷകാഹാരം | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | അങ്കണവാടി - പോഷകാഹാരം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1150016 | ലൈഫ് മിഷൻ ഭവനനിർമാണം (ജനറൽ) | 1150016 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1685328 | ലൈഫ് മിഷൻ ഭവനനിർമാണം (ജനറൽ) | 1685327 | 1 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 497828 | ലൈഫ് മിഷൻ ഭവനനിർമാണം | 497828 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (എസ്.സി.പി) | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 851393 | ലൈഫ് മിഷൻ ഭവനനിർമാണം (എസ്.സി.പി) | 62172 | 789221 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 417573 | ചെമ്പകശ്ശേരി ടിവി കിയോസ്ക്ക് - പുന്നേക്കുളം മാടൻനട റോഡ് മെയിൻറനൻസ് (വാർഡ് - 9) | 0 | 417573 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 295307 | കല്ലുമല - മിനി സ്റ്റേഡിയം റോഡ് കോൺക്രീറ്റ് (വാർഡ് - 11) | 295307 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 198895 | ഒറ്റപ്ലാവിള എസ്.സി കോളനി റോഡ് കോൺക്രീറ്റ് (വാർഡ് - 12) | 198895 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 248946 | ബാങ്ക് ജം. തുലയിൽ റോഡും പ്രമീള സദനം റോഡും കോൺക്രീറ്റ്ംഗ് (വാർഡ് - 16) | 248946 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 247284 | പയറ്റുവിള - ചാലുവിള റോഡ് കോൺക്രീറ്റ് (വാർഡ് - 18) | 247284 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1250000 | കളിപ്പൊയ്ക്ക അടിസ്ഥാന സൌകര്യ വികസനം | 519029 | 730971 |
| ആകെ | | 8312017 | | 6374251 | 1937766 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,45,82,428/- രൂപ വരവുണ്ട്. ആയതിൽ 71,60,000/-. രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ 68/2018 തീയതി 18/05/18 | 1,45,82,428 | - | - | - | 1,45,82,428/- |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ 316/2010/ തസ്വഭവ | 15,90,4500/- | 3180900/- | 1590450/- | - | 1590450/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18330/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 2-1 | 2500/- | സെക്രട്ടറി, കലയ്ക്കോട് എസ്.സി.ബി | 118020102083, 31/07/18 |
| 2007-08 | 2-1 | 2500/- | സെക്രട്ടറി, കലയ്ക്കോട് എസ്.സി.ബി | 118020102084, 31/07/18 |
| 2008-09 | 2-1 | 2500/- | സെക്രട്ടറി, കലയ്ക്കോട് എസ്.സി.ബി | 118020102085, 31/07/18 |
| 2008-09 | 2-1 | 2500/- | സെക്രട്ടറി, കലയ്ക്കോട് എസ്.സി.ബി | 118020102086, 31/07/18 |
| 2008-09 | 2-3 | 25/- | അജയകുമാർ(അപേക്ഷകൻ) | 118020101195,06/06/18 |
| 2008-09 | 2-3 | 50/- | ഭാസ്കരപിള്ള (അപേക്ഷകൻ) | 118020101196,06/06/18 |
| 2010-11 | 2-7(1) | 12/- | സുരേഷ്ബാബു (അപേക്ഷകൻ) | 118020101126, |

| | | | | |
|---|---|---|---|---|
| | | | | 02/06/18 |
| 2010-11 | 2-7(9) | 50/- | സുരേഷ്ബാബു (അപേക്ഷകൻ) | 118020101127, 02/06/18 |
| 2010-11 | 2-7(12) | 50/- | സുരേന്ദ്രൻ(അപേക്ഷകൻ) | 118020101128, 02/06/18 |
| 2010-11 | 2-7(13) | 50/- | നസീമുദ്ദീൻ (അപേക്ഷകൻ) | 118020101129, 02/06/18 |
| 2016-17 | 2-1 | 1250/- | സുരേന്ദ്രൻ (കരാറുകാരൻ) | 118020108212, 29/03/19 |
| 2016-17 | 2-1 | 2500/- | സുരേന്ദ്രൻ (കരാറുകാരൻ) | 118020108212, 29/03/19 |
| 2017-18 | 3-5 | 480/- | അമ്പിളി (ഗുണഭോക്താവ്) | 118020101883, 18/07/18 |

## എ.ജി ആഡിറ്റ്

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012 – 13 to 2016-17 | II (ബി) 1(2) | 3100/- | സജീവ് (കരാറുകാരൻ) | 118020105512, 31/12/18 |

## പെർഫോമൻസ് ആഡിറ്റ്

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2012-13 | 7-12 – 9-12 4(11) | 31/- | സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് | 118020103801, 16/11/18 |
| 2012-13 | 6(11) | 13/- | മെഡിക്കൽ ഓഫീസർ | 118020103802, 16/11/18 |
| 2012-13 | 6 | 283/- | മെഡിക്കൽ ഓഫീസർ | 118020103802, 16/11/18 |
| 2013-14 | 4/13 – 6/13 III(23) | 10/- | സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് | 118020106171, 17/01/2019 |
| 2013-14 | 4/13 – 6/13 III(57) | 50/- | സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് | 118020106174, 17/01/19 |
| 2013-14 | VIII (3) | 50/- | സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് | 118020106175, 17/01/19 |
| 2013-14 | VIII (90) | 300/- | സെക്രട്ടറി, പൂതക്കുളം | 118020106176, |

| | | | | |
|---|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത് | 17/01/19 |
| 2013-14 | 10/13 – 3/14<br>II | 3/- | ഒ.എ, പൂതക്കുളം ഗ്രാമപഞ്ചായത്ത് | 118020106123,<br>16/01/19 |
| 2014-15 | 10/14 – 3/15<br>IV | 10/- | സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് | 118020106177,<br>17/01/19 |
| 2016-17 | 10/16<br>II | 13/- | സെക്രട്ടറി, പൂതക്കുളം ഗ്രാമപഞ്ചായത്ത് | 118020106178,<br>17/01/19 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2000-01 | 4-02-05 | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കൾക്കുള്ള പദ്ധതി | അക്കൗണ്ട്സ് കമ്മറ്റി പരിഗണ നയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 122524625 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 93706164 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 602973.53 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 70939 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 96175 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി).

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 602973.53 | | ശ്രീ.ചന്ദ്രബാബു.എസ് അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | ശ്രീമതി. വി.ജി.ഷീജ ,സെക്രട്ടറി |
| 3-1 | | 25580 | ശ്രീമതി. സിന്ധു, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-2 | | 13200 | ശ്രീമതി. വി.ജി.ഷീജ,സെക്രട്ടറി |
| 3-3 | | 32159 | ശ്രീമതി.ഷീല, എച്ച്.എം |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 96175 | ശ്രീമതി. വി.ജി.ഷീജ, സെക്രട്ടറി |

## (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ചന്ദ്രബാബു എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | | രേവതി ഡീസന്റ് ജംക്ഷൻ, മുഖത്തല |
| ശ്രീമതി.വി.ജി ഷീജ, സെക്രട്ടറി | | കോതേത്തുവീട് നെടുങ്ങോലം പി ഒ പരവൂർ |
| ശ്രീമതി.ഷീല എൽ.കെ,എച്ച്.എം | | സൌപർണ്ണിക കലയ്ക്കോട് പി ഒ പൂതക്കുളം |
| ശ്രീമതി.സിന്ധു, ഐ.സി.ഡി.എസ് സൂപ്പർവൈസർ | | അശ്വതി ഭവനം നിയർ എ.എം.എ കുളത്തൂർ പി ഒ തിരുവനന്തപുരം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ എസ് എ. കെ എൽ എം.പി 5/371(6)/2018 , തീ 23-2-18 | 1 |
| 2003-04 | കെ എസ് എ. കെ എൽ എം.പി 5/371(7)/2018 , തീ 23-2-18 | 2 |
| 2004-05 | കെ എസ് എ. കെ എൽ എം.പി 5/371(8)/2018 , തീ 23-2-18 | 2 |
| 2005-06 | കെ എസ് എ. കെ എൽ എം.പി 5/371(9)/2018 , തീ 23-2-18 | 2 |
| 2006-07 | എൽ എഫ് ക്യൂ- പി-7/1237 (11)/14 തീ 13.6.14 | 5 |
| 2007-08 | എൽ എഫ് ക്യൂ- പി-7/1237(12)/14 തീ 13.6.14 | 3 |
| 2008-09 | എൽ എഫ് ക്യൂ- പി-7/1237(13) /14 തീ 13.6.14 | 2 |
| 2009-10 | എൽ എഫ് ക്യൂ- പി-7/1237(14) /14 തീ 13.6.14 | 2 |
| 2010-11 | എൽ എഫ് ക്യൂ- പി-7/1237 (15) /14 തീ 13.6.14 | 4 |
| 2011-12 | എൽ എഫ് ക്യൂ- പി7/1565/14 തീ 05.09.14 | 26 |
| 2012-13 & 2013-14 | എൽ എഫ് ക്യൂ- പി-7/1574/16 തീ 18.05.17 | 20 |
| 2014-15 | കെ എസ് എ.കെ എൽ എം. പി-7/1574/2016 തീ 18.05.2017 | 21 |
| 2015-16 | കെ എസ് എ.കെ എൽ എം. പി-7/326/17 തീ 30.10.2017 | 11 |
| 2016-17 | കെ എസ് എ.കെ എൽ എം. പി-5/1734/2017 തീ 20.01.2018 | 20 |
| 2017-18 | കെ എസ് എ.കെ എൽ എം. പി-5/1394/2018 തീ.10.09.2018 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കൊല്ലം ജില്ല.

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-കെ.എൽ.എം-പി5/1859/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി- 06/02/2020.

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **പൂതക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷികധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂതക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2018-19 ലെ വാർഷികധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

No.KSA.KLM.P5/1859/2019 , Dated-06/02/2020

## AUDIT CERTIFICATE 2018-19

Certified that I have examined the Annual Financial Statement of **Poothakkulam Grama Panchayath** for the year ended on 31.03.2019 in Kollam District in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of The Kerala Panchayat Raj Act 1994; the rule made there under and the guidelines issued by The Comptroller and the Auditor General of India for the Certification of Accounts of Panchayat Raj Institutions.

In my opinion the financial statements of **Poothakkulam Grama Panchayath** for the year **2018-19** subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR
Kerala State Audit Department
District Office, Kollam

# അനുബന്ധം 2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം